"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണവകുപ്പ് -വിളയൂർ ഗ്രാമപഞ്ചായത്ത്-ഒട്ടുപാറ ലക്ഷം വീട് കോളനി-24 കുടുംബങ്ങളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.314/2022/LSGD തീയതി,തിരുവനന്തപുരം, 12-02-2022

---

പരാമർശം:-
1. പാലക്കാട് ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ 13/10/2021-ലെ LM/P10/18-നമ്പർ കത്ത്.
2. പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02/11/2021 തീയതിയിലെ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 18/12/2021-ലെ 4.74-ാം നമ്പർ തീരുമാനം.

ഉത്തരവ്

വിളയൂർ ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ ഒട്ടുപാറ ലക്ഷം വീട് കോളനിയിൽ 96 സെന്റ് സ്ഥലത്ത്, 14 ഒറ്റ വീടുകളും 5 ഇരട്ടവീടുകളുമാണുള്ളത്. ഇതിൽ 24 കുടുംബങ്ങൾ താമസിക്കുന്നു.(ഇരട്ട വീടുകളിൽ രണ്ടു കുടുംബം വീതം). ഈ വീടുകൾ 40 വർഷത്തിലേറെ പഴക്കമുള്ളതും ജീർണ്ണാവസ്ഥയിലുള്ളതുമാണ്. ഇവർ ലൈഫ് 2020-ലെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും, വീട് പുനരുദ്ധാരണത്തിനു ധനസഹായം നൽകണമെന്ന് ആവശ്യപ്പെടുകയും ആയത് പരാമർശം (1) പ്രകാരം പാലക്കാട് ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

2. ഇക്കാര്യം 1 8/12/2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി വിശദമായി പരിശോധിക്കുകയും പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒട്ടുപാറ ലക്ഷം വീട് കോളനിയിലെ 24 കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിക്കായി മാറ്റി വയ്ക്കുന്ന 20 ശതമാനത്തിനു പുറമെ അധിക വിഹിതം കണ്ടെത്തി ധനസഹായം നൽകുന്നതിന് ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിന് മുൻഗണന നൽകേണ്ടതാണെന്ന വ്യവസ്ഥയിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട്.

സെക്രട്ടറി, വിളയൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ